ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, റൂളിംഗ് നൽകുന്നതിനുമുമ്പ് ഒരു കാര്യം എനിക്ക് പറയാനുണ്ട്. നിയമസഭാ നടപടി ക്രമങ്ങളിലെ ചട്ടം 64-ൽ പറഞ്ഞിട്ടുള്ളത് അങ്ങ് വളരെ വ്യക്തമായി വായിച്ചു. എന്നാൽ 64 (a)- ൽ പറയുന്നത് ' A copy of the statement shall be forwarded to the Speaker and the Leader of the House one day in advance of the day on which it is to be made:' എന്നാണ്. സ്റ്റേറ്റ്മെന്റ് വയ്ക്കുന്നതിന് ഒരു ദിവസംമുമ്പ് ഇത് സ്പീക്കർക്ക് നൽകണം. അല്ലാതെ എന്ന് നൽകണം, എന്ന് പറയണം എന്നൊന്നും റൂളിൽ പറഞ്ഞിട്ടില്ല. അതുകൊണ്ട് ഒരു ദിവസംമുമ്പ് സ്പീക്കർക്ക് തന്നാൽ അത് ഓർഡറിലാണ്. എല്ലാ റൈറ്റും ഒരു മുൻമന്ത്രിക്കുണ്ട്..... (ബഹളം).....

ശ്രീ. സി. ദിവാകരൻ : സർ, ചട്ടം 64(3)-ൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയുള്ള പ്രസ്താവനകൾ അന്നത്തെ കാര്യവിവരപ്പട്ടികയിൽ വരണമെന്നാണ്.

മി. സ്പീക്കർ : അങ്ങനെയല്ല. പ്രസ്താവന നടത്തുന്ന ദിവസത്തെ ചോദ്യോത്തരം കഴിഞ്ഞാൽ മറ്റ് നടപടികളിലേക്ക് കടക്കുന്നതിനുമുമ്പ് അനുവദിക്കണമെന്നാണ്.

റൂളിംഗ്

മി. സ്പീക്കർ : നിയമസഭാ നടപടി ചട്ടം 64 പ്രകാരം മന്ത്രിസ്ഥാനം രാജിവച്ച ഒരു അംഗത്തിന്, സ്പീക്കറുടെ സമ്മതത്തോടുകൂടി തന്റെ രാജിയെപ്പറ്റിയുള്ള വിശദീകരണമെന്ന നിലയ്ക്ക് വ്യക്തിപരമായ ഒരു പ്രസ്താവന ചെയ്യുവാൻ അവകാശമുണ്ട്. പ്രസ്താവനയുടെ കോപ്പി അത് നടത്താൻ ഉദ്ദേശിക്കുന്ന തീയതിക്ക് ഒരു ദിവസംമുമ്പ് സ്പീക്കർക്കും സഭാനേതാവിനും നൽകണമെന്നുണ്ട്. അങ്ങനെയുള്ള പ്രസ്താവന ഏത് ദിവസമാണോ നടത്തുന്നത് ആ ദിവസത്തെ കാര്യവിവര പട്ടികയിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ചെയ്യണമെന്ന് ചട്ടം 64(3) അനുശാസിക്കുന്നതിനാലാണ് ഇപ്പോൾ പ്രസ്താവന ചെയ്യുവാൻ ശ്രീ. കെ. എം. മാണിയെ ക്ഷണിച്ചത്. സഭയിൽത്തന്നെ 8-10-1962-ൽ രാജി സമർപ്പിച്ച ഡി. ദാമോദരൻ പോറ്റി, കെ. ചന്ദ്രശേഖരൻ എന്നിവർ 10-10-1962-നും 17-10-1969-ൽ രാജി സമർപ്പിച്ച എം. എൻ. ഗോവിന്ദൻ നായർ, ടി. വി. തോമസ്, റ്റി. കെ. ദിവാകരൻ എന്നിവർ 21-10-1969-ലും 1-4-2013-ൽ രാജി സമർപ്പിച്ച ശ്രീ. കെ. ബി. ഗണേഷ് കുമാർ 2-4-2013-ലുമാണ് ഇപ്രകാരമുള്ള പ്രസ്താവന നടത്തിയത്. മേൽപ്പറഞ്ഞ രാജികളെല്ലാം നിയമസഭ നടക്കുന്ന സമയത്താണുണ്ടായത്. ഇന്റർസെഷൻ സമയത്ത് രാജിവച്ച ഒരു മന്ത്രി ഇപ്രകാരം ഒരു പ്രസ്താവന നടത്തുവാൻ അനുമതി ആവശ്യപ്പെടുന്നത് ആദ്യമായിട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രാജിവച്ച മന്ത്രി ഇത്ര ദിവസത്തിനകം പ്രസ്താവന നടത്തണമെന്ന് നമ്മുടെ ചട്ടത്തിൽ നിബന്ധനയില്ല. എന്നാൽ ലോക്സഭാ ചട്ടത്തിൽ (ചട്ടം 199) രണ്ട് സമ്മേളനങ്ങൾക്കിടയ്ക്കുള്ള സമയത്ത് രാജിവയ്ക്കുന്ന മന്ത്രി ലോക്സഭാ സമ്മേളനം ആരംഭിച്ചശേഷം 7 ദിവസത്തിൽ അധികരിക്കാത്ത ഒരു ദിവസം അപ്രകാരമുള്ള പ്രസ്താവന നടത്താവുന്നതാണെന്നും നിബന്ധന ചെയ്തിട്ടുണ്ട്. പ്രസ്തുത നിബന്ധന നിയമസഭാ ചട്ടം 314 പ്രകാരം ഇവിടെയും പ്രാവർത്തികമാക്കുകയാണ്. നമ്മുടെ ചട്ടത്തിൽ ഇത്ര ദിവസത്തിനകത്ത് പ്രസ്താവന നടത്തണമെന്ന് പറഞ്ഞിട്ടില്ല. ലോക്സഭാ ചട്ടത്തിൽ 7 ദിവസമെന്നാണ് പറഞ്ഞിട്ടുള്ളത്. അത് ഇവിടെയും പ്രാവർത്തികമാക്കുന്നു. ഇന്ന് സഭാസമ്മേളനം ആരംഭിച്ചിട്ട് അഞ്ചാം ദിവസമാണ്. ശ്രീ. കെ. എം. മാണിക്ക് പ്രസ്താവന നടത്താവുന്നതാണ്. ..... (ബഹളം).....

ശ്രീ. സി. ദിവാകരൻ : ഇതുസംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ടോയെന്ന് സഭാനേതാവ് പറയണം, ഉണ്ടെങ്കിൽ മേശപ്പുറത്ത് വയ്ക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, അങ്ങനെ എല്ലാ നോട്ടീസും മേശപ്പുറത്ത് വയ്ക്കാൻ കഴിയുമോ?

ശ്രീ. കെ. എം. മാണി : സർ, പലതവണ എഴുന്നേറ്റ് ഞാൻ പ്രസ്താവന വായിക്കാൻ ശ്രമിച്ചതാണ്. .....(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

മി. സ്പീക്കർ : ശ്രീ. സി. ദിവാകരൻ, ശ്രീ. ഇ. പി. ജയരാജൻ, നിങ്ങൾ രണ്ടുപേരും ചേർന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുകയാണോ? ഒരു കാര്യവുമില്ലാതെ സഭാ സമ്മേളനം തുടർച്ചയായി തടസ്സപ്പെടുത്തുന്നത് ശരിയല്ല.

ചട്ടം 64 പ്രകാരമുള്ള പ്രസ്താവന (തുടർച്ച)

ശ്രീ. കെ. എം. മാണി : സർ, സംസ്ഥാന സർക്കാരിന്റെ പുതിയ മദ്യനയത്തിനെതിരെ ഒരു ബാർ ഉടമ ദൃശ്യ മാധ്യമങ്ങളിലൂടെ നടത്തിയ ആരോപണത്തിന്റെ പേരിൽ വിജിലൻസിന് നൽകപ്പെട്ട ഒരു പരാതി പരിഗണിക്കവെ, ബഹുമാനപ്പെട്ട ഹൈക്കോടതി നോട്ടീസ് അയച്ച് എന്നെ കേൾക്കാനുള്ള അവസരമില്ലാതെ സാന്ദർഭികമായി നടത്തിയ പരാമർശം അത്യന്തം വേദനാജനകമാണ്. കോടതി എനിക്കെതിരെ യാതൊരു കുറ്റാരോപണവും നടത്തിയിട്ടില്ല എന്നത് ശ്രദ്ധേയമാണ്. സ്വതന്ത്രമായ കേസന്വേഷണത്തിന് ഞാൻ അധികാരസ്ഥാനത്ത് തുടരുന്നത് ഭ്രഷണമാണോയെന്ന്